ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:05.08.2026**

## പ്രധാനവാർത്തകൾ

1. നീറ്റ് വിദ്യാർത്ഥി പ്രതിഷേധത്തിന് നേർക്കുള്ള പോലീസ് നടപടി ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെൻറിൽ പ്രതിപക്ഷ ബഹളം. ലോക്സഭ രണ്ട് മണി വരെ നിർത്തിവെച്ചു.

2. സംസ്ഥാനത്ത് ഇന്നും നാളെയും അതിശക്തമായ മഴയ്ക്ക് സാധ്യത. മഴക്കെടുതികളിൽ മരണസംഖ്യ 26 ആയി. 67.44 കോടി രൂപയുടെ നഷ്ടം. 1,882 ഹെക്ടർ കൃഷിനാശം.

3. അണക്കെട്ടുകളുടെ പ്രവർത്തനത്തിന് നിർമിതബുദ്ധി ഉപയോഗപ്പെടുത്തിയുള്ള ഡാം മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

4. റിപ്പോ നിരക്കിൽ മാറ്റം വരുത്താതെ ദ്വൈമാസ ധനനയം പ്രഖ്യാപിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ.

5. സ്കൂൾ വിദ്യാർഥികൾക്കായി നടപ്പാക്കുന്ന അക്വാഫിറ്റ് നീന്തൽ പരിശീലന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി.

RNU TVPM

6. കൊറിയ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻ താരം ഇഷാറാണി ബറുവ സെമിയിൽ.

## പാർലമെൻറ്

നീറ്റ് വിദ്യാർത്ഥി പ്രതിഷേധത്തിന് നേർക്കുള്ള പോലീസ് നടപടി ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെൻറിൽ പ്രതിപക്ഷ ബഹളം. ലോക്സഭയിൽ രാവിലെ ചോദ്യോത്തര വേളയിലേക്ക് സ്പീക്കർ ഓം ബിർള കടക്കാൻ ശ്രമിക്കുന്നതിനിടെ പ്രതിപക്ഷ അംഗങ്ങൾ വിഷയത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ പ്രസ്താവന ആവശ്യപ്പെട്ട് ബഹളം വെക്കുകയായിരുന്നു. അംഗങ്ങൾ ചോദ്യോത്തര വേളയുമായി സഹകരിക്കണമെന്ന് സ്പീക്കർ ആവശ്യപ്പെട്ടു. രാജ്യസഭയിലും സമാനമായ പ്രതിഷേധമാണ് അരങ്ങേറിയത്. തുടർന്ന് ഇരുസഭകളും രണ്ട് മണിവരെ നിർത്തിവെച്ചു.

RNUTVPM

## മുഖ്യമന്ത്രി–പ്രളയം

കാലവർഷക്കെടുതിയിൽ സംസ്ഥാനത്ത് മരിച്ചവരുടെ കുടുംബങ്ങൾക്ക് എട്ടുലക്ഷം രൂപ വീതം ധനസഹായം നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. പൂർണമായി വീട് തകർന്നവർക്ക് ആറുലക്ഷം രൂപയും, വീടും സ്ഥലവും

നഷ്ടമായവർക്ക് 12 ലക്ഷം രൂപയും വീതം നൽകുമെന്നും മുഖ്യമന്ത്രി വി ഡി സതീശൻ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. മഴക്കെടുതികളിൽ ആകെ മരണം 26 ആയി. 67.44 കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് പ്രാഥമിക റിപ്പോർട്ട്. 1,882 ഹെക്ടർ കൃഷി നശിച്ചതായും മുഖ്യമന്ത്രി പറഞ്ഞു. രക്ഷാപ്രവർത്തനത്തിനിടെ മരിച്ച തിരുവനന്തപുരം സ്വദേശി രാജേഷിൻറെ സംസ്കാരം സംസ്ഥാന ബഹുമതിയോടെ നടത്താനും, വീടുപണി പൂർത്തീകരിച്ച് നൽകാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

RIJUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**മന്ത്രിസഭാ യോഗം (ഇൻട്രോ)**

സംസ്ഥാനത്ത് അണക്കെട്ടുകളുടെ പ്രവർത്തനത്തിന് നിർമിതബുദ്ധി ഉപയോഗപ്പെടുത്തിയുള്ള ഡാം മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഇതിനായി നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഫലപ്രദമായ നയം പ്രഖ്യാപിക്കുമെന്നും അദ്ദേഹം അറിയിച്ചു.

*(വോയ്സ്.)*

❁❁❁❁❁❁❁❁❁❁❁❁❁

**രാജേഷ്**

കനത്ത മഴയിൽ കണ്ണൂർ ചെറുപുഴയിൽ രക്ഷാ പ്രവർത്തനത്തിനിടെ മരിച്ച ആർ.രാജേഷിന്റെ

ഭൗതിക ദേഹം തിരുവനന്തപുരം നേമം കല്ലിയൂരിലെ വസതിയിൽ എത്തിച്ചു. പൊതു ദർശനത്തിന് വെച്ചിരിക്കുന്ന മൃതദേഹത്തിൽ മന്ത്രി സണ്ണി ജോസഫ് ഉൾപ്പെടെ നിരവധിപ്പേർ അന്തിമോപചാരം അർപ്പിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**അക്വാഫിറ്റ്**

സ്കൂൾ വിദ്യാർഥികൾക്കായി നടപ്പാക്കുന്ന അക്വാഫിറ്റ് നീന്തൽ പരിശീലന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ മന്ത്രി എൻ ഷംസുദ്ദീൻ ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാന സർക്കാരിൻറെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

PNUTVPM

❋❋❋❋❋❋❋❋❋❋❋❋❋

**സി.പി. ജോൺ**

കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്കുള്ള സൗജന്യയാത്ര സംബന്ധിച്ച് ഉയർന്ന വിവാദ പരാമർശത്തിൽ മന്ത്രി സി.പി. ജോൺ ഖേദം

പ്രകടിപ്പിച്ചു. സൗജന്യയാത്ര സ്ത്രീകളുടെ അവകാശമാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. ആരെയും ആക്ഷേപിക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി.

## വാട്സ്ആപ്പ് ടിക്കറ്റിങ്

കെ.എസ്.ആർടിസിയുടെ ഡിജിറ്റൽ യാത്രാസേവനങ്ങളുടെ ഭാഗമായി വാട്സാപ്പ് ടിക്കറ്റിങ് സംവിധാനം നാളെ നിലവിൽ വരും. തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ

മന്ത്രി സി.പി. ജോൺ പദ്ധതി ഉദ്ഘാടനം ചെയ്യും. കെ.എസ്.ആർടിസിയുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ ടോൾ ഫ്രീ സേവനം - 149-ന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും.

RNU TVPM

## ആർ.ബി.ഐ

റിപ്പോ നിരക്കിൽ മാറ്റം വരുത്താതെ ദ്വൈമാസ ധനനയം പ്രഖ്യാപിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്ക് 5.25 ശതമാനമായി നിലനിർത്താൻ തീരുമാനിച്ചതായി ആർ.ബി.ഐ ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്

വ്യവസ്ഥയായി ഇന്ത്യ തുടരുകയാണെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ, പശ്ചിമേഷ്യയിൻ സംഘർഷങ്ങൾ ആഗോള സമ്പദ് വ്യവസ്ഥയ്ക്ക് വലിയ വെല്ലുവിളിയായി തുടരുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

**വോട്ടർ പട്ടിക**

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിനായി വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ ഇന്ന് കൂടി അവസരമുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. sec.kerala.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായിയാണ് അപേക്ഷിക്കേണ്ടത്. അന്തിമ വോട്ടർ പട്ടിക ഈ മാസം 19ന് പ്രസിദ്ധീകരിക്കും.

RNU TVPM

**സെൻസസ് 2027**

സെൻസസ് 2027'ന്റെ ഒന്നാം ഘട്ടത്തിൽ വീടുകളുടെ കണക്കെടുപ്പ് വിജയകരമായി പൂർത്തിയാക്കി കേരളം. ജൂലൈ 1 മുതൽ 30 വരെയായിരുന്നു ഒന്നാം ഘട്ടം. പൊതുജനങ്ങൾക്ക് വിവരങ്ങൾ സ്വയം സമർപ്പിക്കാനുള്ള 'സെൽഫ് എന്യൂമറേഷൻ' സൗകര്യം ജൂൺ 16 മുതൽ 30 വരെ ലഭ്യമാക്കിയിരുന്നു.

## മഴ

സംസ്ഥാനത്ത് ഇന്നും നാളെയും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാല് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. പലയിടങ്ങളിലും വെള്ളക്കെട്ട് രൂക്ഷമായി തുടരുകയാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RIJU TVPM

## ആലപ്പുഴ(ഇൻട്രോ)

അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത തുടരുന്ന ആലപ്പുഴയിൽ വിവിധയിടങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായി തുടരുന്നു. കനത്ത മഴയിലും വെള്ളക്കെട്ടിലും കുട്ടനാട് പൂർണ്ണമായും മുങ്ങിയ അവസ്ഥയിലാണ്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി രവികുമാർ...***

*(ഹോൾഡ് വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**പത്തനംതിട്ട (ഇൻട്രോ)**

പത്തനംതിട്ട ജില്ലയിൽ ആശ്വാസത്തിൻ്റെ പകൽ. ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ നിന്നും മഴവെള്ളം ഇറങ്ങിത്തുടങ്ങി.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി. എസ്. ശ്രീധർ......***

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**കള്ളക്കടൽ**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ നാളെ രാത്രി 11.30 വരെ 1.4 മീറ്റർ വരെ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

❁❁❁❁❁❁❁❁❁❁❁❁❁

**ഫാക്ട് ചെക്ക്**

RNU TVPM

ആധാർ കാർഡുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ ഇലക്ട്രിക് സൈക്കിളുകൾ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചതായി സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് കേന്ദ്ര സർക്കാർ. ഇത് സംബന്ധിച്ച് പ്രചരിക്കുന്ന വീഡിയോ വാസ്തവ വിരുദ്ധമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു .

## ബാഡ്മിൻറൺ

കൊറിയ മാസ്റ്റേഴ്സ് സൂപ്പർ–300 ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻ താരം ഇഷാറാണി ബറുവ സെമിയിൽ കടന്നു. ഇന്ന് നടന്ന ക്വാർട്ടർ ഫൈനലിൽ ദക്ഷിണ കൊറിയൻ താരത്തെയാണ് പരാജയപ്പെടുത്തിയത്. ഇന്ത്യൻ പ്രതീക്ഷയുമായി തൻവി ശർമ്മയും കിഡംബി ശ്രീകാന്തും ഇന്നിറങ്ങും.

## സിബിസി കണ്ണൂർ

കണ്ണൂർ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷനും ഇരിട്ടി ഐ.സി.ഡി.എസും സംയുക്തമായി സംഘടിപ്പിക്കുന്ന സമഗ്ര ബോധവൽക്കരണ പരിപാടി കണ്ണൂർ ഇരിട്ടിയിൽ ആരംഭിച്ചു. ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എം.വി.

RNUTVPM

സരള ഉദ്ഘാടനം ചെയ്യും. വി ബി ജി റാംജി നിയമം, ഭാരതീയ ന്യായ സംഹിത, നശാ മുക്ത ഭാരത് അഭിയാൻ,

ഹർ ഘർ തിരംഗ എന്നിവയെ കുറിച്ചുള്ള ഉൾപ്പെടുത്തിയിട്ടുണ്ട്.

## തൃശൂർ പുലിക്കളി

തൃശൂർ പുലിക്കളി സംഘങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ധനസഹായ തുക അനുവദിച്ചു. 24 ലക്ഷം രൂപയാണ് വിതരണം ചെയ്യുന്നത്. ആശ്വാസകരമായ വാർത്തയാണെന്ന് പുലിക്കളി സംഘങ്ങൾ പ്രതികരിച്ചു.

RNUTVPM

## ഹർ ഘർ തിരംഗ

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഇത്തവണയും രാജ്യത്തുടനീളം ഹർ ഘർ തിരംഗ പരിപാടിയിൽ ആവേശകരമായ പങ്കാളിത്തം. ഈ മാസം 15-ന് മുൻപായി MyGov പ്ലാറ്റ്ഫോമിലൂടെ വൈവിധ്യമാർന്ന ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് ആഹ്വാനം ചെയ്തു.

## ഓഹരി+സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ ചാഞ്ചാട്ടം . സെൻസെക്സ് 141 പോയിന്റ് ഉയർന്ന് 78,570 ലും നിഫ്റ്റി 45 പോയിന്റ് നഷ്ടത്തിൽ 24,570 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില വർദ്ധന. പവന് 1280 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 6,880 രൂപയും ഗ്രാമിന് 13,360 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM